# കീഴരിയൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

പി.ഒ.കീഴരിയൂർ, കോഴിക്കോട് -പിൻ 673307, Ph. 0496 2676228

email: kzrgpt@gmail.com , http://lsgkerala.in/keezhariyurpanchayat/

SC3-220/2024 തിയ്യതി. 20/01/2024

***പ്രേഷിതൻ***

സെക്രട്ടറി

കീഴരിയൂർ ഗ്രാമപഞ്ചായത്ത്

***സ്വീകർത്താവ്***

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ്

കോഴിക്കോട്

സർ,

വിഷയം. കീഴരിയൂർ ഗ്രാമപഞ്ചായത്ത്-അദാലത്ത് പോർട്ടലിൽ ലഭിച്ച പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന- ശ്രീമതി. ഗീത .കെ.കെ കുനിയിൽ കേളോത്ത് എന്നവർ സമർപ്പിച്ച പരാതി

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിക്കുന്നതിന് വേണ്ടി ശ്രീമതി.ഗീത .കെ.കെ കുനിയിൽ കേളോത്ത് എന്നവർ

അദാലത്തിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് റിപ്പോർട്ട് താഴെ പറയും പ്രകാരം സമർപ്പിക്കുന്നു.

കീഴരിയൂർ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ 83/38 (NEW),83/3,84/1 (OLD) 195.60 ച.മീ വിസ്തൃതിയുള്ള വീട് നിർമ്മാണത്തിനായി ശ്രീമതി.ഗീത എന്നവർ 31/12/2020 തിയ്യതിയിൽ അപേക്ഷ നൽകിയിരുന്നു.

തുടർന്ന് 01/01/2021 തിയ്യതിയിൽ പ്ലാനിലേയും കൈവശസർട്ടിഫിക്കറ്റിലേയും റി.സ നമ്പർ പൊരുത്തപ്പെടുന്നില്ലെന്ന് കാണിച്ച് നോട്ടീസ് നൽകുകയുണ്ടായി.തുടർന്ന് 27/01/2021 തിയ്യതിയിൽ അപേക്ഷ പുനസമർപ്പിച്ചതിൽ കെ.പി.ബി.ആർ ചട്ടം 6 പ്രകാരം ഡ്രോയിംഗിൽ കളർ കോഡ് പാലിക്കുന്നില്ലെന്ന കാരണത്താൽ പ്ലാനുകൾ കൃത്യവും സൂക്ഷ്മവുമായി തയ്യാറാക്കി തിരികെ നൽകുന്നതിന് 11/02/2021 തിയ്യതിയിൽ അറിയിപ്പ് നൽകുകയുണ്ടായി.യാതൊരു മറുപടിയും നൽകാത്തതിനാൽ അപാകത പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നതിന് 27/07/2021 തിയ്യതിയിൽ അപേക്ഷകന് രണ്ടാമതും അറിയിപ്പ് നൽകിയിരുന്നു.തുടർന്ന് പല തവണ ഫോണിൽ ബന്ധപ്പെട്ടെങ്കിലും അപാകത പരിഹരിക്കാത്തതിനാൽ 21/06/2022 തിയ്യതിയിൽ അപേക്ഷ നിരസിക്കുകയാണുണ്ടായത്.

അപേക്ഷക അദാലത്തിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ പ്രവൃത്തി പൂർത്തിയായതായും തന്നിരിക്കുന്ന പ്ലാൻ പ്രകാരമാണ് നിർമ്മാണം ആരംഭിച്ചിരിക്കുന്നതെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയോട് അന്വേഷിച്ചതിൽ മകൾ മരണപ്പെട്ടതിനാലും കോവിഡ് മൂലമുണ്ടായ പ്രയാസങ്ങൾ കാരണവുമായാണ് മറുപടി സമർപ്പിക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

നിലവിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് കെട്ടിട നിർമ്മാണം ആരംഭിച്ചിരിക്കുന്നതെന്നതിനാൽ പ്രസ്തുത അപേക്ഷ പുനപരിശോധിച്ച് റഗുലറൈസേഷൻ ഫീ അടവാക്കി പെർമ്മിറ്റ് നൽകാവുന്നതാണെന്ന് റിപ്പോർട്ട് സമർപ്പിക്കുന്നു.

KEEZHARIYUR GRAMA PANCHAYATH
P.O. KEEZHARIYUR 673

SECRETARY
Keezhariyur Grama Panchayath